(എ) തലശ്ശേരി മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി ഓരോ പദ്ധതിക്കും എത്ര തുക നീക്കി വച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ &ബി)

പദ്ധതി	അനുവദിച്ച തുക (കോടിയിൽ)
തലശ്ശേരി പൈതൃക പദ്ധതി- ജവഹർ ഘട്ട് വികസനം	2,00,00,000
തലശ്ശേരി ടൗണിനെയും കൊടുവള്ളി ജംഗ്ഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബൈപ്പാസ് നിർമ്മാണം - മാഹി ബ്രിഡ്ജ്	6,75,00,000
തലശ്ശേരിയിൽ കിറ്റ്സ് ട്രെയിനിംഗ് സെന്ററിന് വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം	2,10,00,000
തലശ്ശേരിയിലെ മ്യൂസിയം നിർമ്മാണം	1,07,00,000
ഗ്രണ്ടർട്ട് ബംഗ്ലാവിന്റെ നവീകരണം	1,18,00,000

ചടയമംഗലം മീൻമുട്ടി വെള്ളച്ചാട്ട വികസനം

253 (5056) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം മണ്ഡലത്തിലെ കുമ്മിൾ മീൻമുട്ടി വെള്ളച്ചാട്ടവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ?

874/2017.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മീൻമുട്ടി വെള്ളച്ചാട്ടവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര വികസന സാധ്യതാ പദ്ധതി ഭൂമി ലഭ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് പരിഗണിയ്ക്കുന്നതാണ്.

മൂന്നാർ ടൂറിസം വികസനപദ്ധതികൾ

254 (5057) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ടൂറിസം വികസന പദ്ധതികൾ ഏതെങ്കിലും പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് പദ്ധതികൾ ആണെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ' Development of Munnar as a Tourist Destination' എന്ന പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിലെ പരസ്യ പ്രവർത്തനങ്ങൾ

255 (5058) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയിലെ സാദ്ധ്യതകൾ വിദേശത്തുനിന്നുള്ള ടൂറിസ്റ്റുകൾക്കു ബോധ്യപ്പെടുത്തുന്നതിനായി വിനോദസഞ്ചാര വകുപ്പുമുഖാന്തിരം എന്തെങ്കിലും പരസ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ഉണ്ട്. മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ ആന്റ് ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ് വിഷ്വൽ